കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം

W1-3207/17

തീയതി: 31.03.2017

## സർക്കുലർ നമ്പർ:45/16-17

വിഷയം: വിവിധ ക്ഷേമാനുകൂല്യങ്ങളുടെ പരിശോധന റിപ്പോർട്ട് പരിഷ്ക്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) 22.03.2017 തീയതിയിലെ 179-മത് ബി.ഒ.ഡി യോഗ നിർദ്ദേശം.

ബോർഡിൽനിന്നും രജിസ്റ്റേർഡ് തൊഴിലാളികൾക്ക് നൽകി വരുന്ന വിവിധ ക്ഷേമാനുകൂല്യങ്ങളുടെ അപേക്ഷ പരിഗണിക്കുന്നതിനായി അനുബന്ധ രേഖകളോടൊപ്പം കമ്മിറ്റി തലത്തിൽ തയ്യാറാക്കുന്ന പരിശോധന റിപ്പോർട്ടിൽ ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരമുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ:-

1. പൂളിലെ ആകെ തൊഴിലാളികളുടെ എണ്ണം

2. പൂളിന്റെ തൊട്ടു മുമ്പുള്ള 3 വർഷത്തെ ആകെ വേതനം.( വർഷം തിരിച്ച് )

3. പൂളിലെ 3 വർഷത്തെ ശരാശരി ഹാജർ.( വർഷം തിരിച്ച് )

4. അപേക്ഷക/അപേക്ഷകനായ തൊഴിലാളിയെ സംബന്ധിച്ചുള്ള കമ്മിറ്റി ചെയർമാന്റെ വിലയിരുത്തൽ.

മേൽ നിർദ്ദേശിച്ച കാര്യങ്ങൾ അടിയന്തിരമായി കമ്മിറ്റി / സബ് ഓഫീസ് തലങ്ങളിൽ നടപ്പാക്കി റിപ്പോർട്ട് യഥാവിധി ബോർഡ് ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

ഒപ്പ്/
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്